# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

09-12-2014ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : * 194

### ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുതുതായി അംഗീകരിച്ച റഗുലേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജ്ജു എബ്രഹാം<br>" കോടിയേരി ബാലകൃഷ്ണൻ<br>" കെ.സുരേഷ് കുറുപ്പ്<br>" കെ.ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |

| | |
|---|---|
| (എ) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുതുതായി എന്തെങ്കിലും റഗുലേഷനുകൾ അംഗീകരിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത റഗുലേഷനുകൾ വൈദ്യുതി നിരക്കുകളിൽ എന്ത് മാറ്റം വരുത്തുമെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത റഗുലേഷൻ നടപ്പിലാക്കുന്നത് കൊണ്ട്മാത്രം വൈദ്യുതി നിരക്കിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നില്ല. 2010 - 11 ലെ ട്രൂയിംഗ് അപ്പ് കഴിഞ്ഞതിനു ശേഷം കമ്മീഷൻ അംഗീകരിച്ച കണക്കുകളാണ് ചെലവുകൾക്കായി മാനദണ്ഡമാക്കിയിട്ടുള്ളത്. താരിഫിലുണ്ടാകുന്ന മാറ്റം ലൈസൻസികൾ പെറ്റിഷനുകൾ സമർപ്പിച്ചതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ |
| (സി) പ്രസ്തുത റഗുലേഷനുകൾ എപ്പോൾ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (സി) 2014 നവംബർ 14 മുതലാണ് റഗുലേഷൻ നിലവിൽ വന്നത്. 2015 - 16 മുതൽ 2017 - 18 വരെയുള്ള വരവ് ചെലവ് കണക്കുകൾ 2014 ഡിസംബർ 31 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. |

| | |
|---|---|
| (ഡി) എല്ലാ വർഷവും താരിഫ് വർദ്ധിപ്പിക്കുന്ന നിലയിൽ തയ്യാറാക്കിയ റെഗുലേഷനിൽ സർക്കാർ ഏതെങ്കിലും തരത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) ഇലക്ട്രിസിറ്റി ആക്ട് 2003 -ലെ വിവിധ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾ സ്വയം ഭരണാധികാരമുള്ള ഒരു ക്വാസിജുഡീഷ്യറി സ്ഥാപനമാണ്. ഇലക്ട്രിസിറ്റി ആക്ട് 2003 ലെ ഖണ്ഡിക 61 പ്രകാരവും ഖണ്ഡിക 181(1), 181(2), 181(ZD) പ്രകാരവുമുള്ള അധികാരം ഉപയോഗിച്ചാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ടി റെഗുലേഷൻ അംഗീകരിച്ച് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്. ടി നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരു അധികാരവുമില്ല. |

സെക്ഷൻ ഓഫീസർ